# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6602 — 08.11.2016 ൽ - മറുപടിക്ക്

## പൊതുവിതരണം സംവിധാനം ആധുനീകവൽക്കരിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിതരണം സംവിധാനം ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്; | (എ) & (ബി) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകുന്നതക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) റേഷൻകടകൾ കമ്പ്യൂട്ടർവത്കരിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ സംസ്ഥാനം മുഴുവൻ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | |
| (സി) കമ്പ്യൂട്ടർവത്കരണമുൾപ്പെടെയുള്ള ആധുനികവത്കരണം നടത്തുന്നതിന് പല കടയുടമകൾക്കും സാങ്കേതിക പരിജ്ഞാനമില്ലാത്തത് തടസ്സമുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) ഉണ്ട്. ഇത് മറികടക്കുന്നതിനായി ഇ-പോസ് പ്രവർത്തിപ്പിക്കുന്നതിനും വിതരണം ഇത് വഴി നിർവ്വഹിക്കുന്നതിനും റേഷൻ കടയുടമകൾക്ക് വിദഗ്ദ്ധ പരിശീലനം താലൂക്ക് തലത്തിൽ നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടയുടമകൾക്ക് തുടർച്ചയായ 6 പരിശീലന പരിപാടികൾ ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് പ്രൊപ്പോസലിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) പൊതുവിതരണ സംവിധാനത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സർക്കാർ നടത്തുന്ന പരിശോധനകൾ കർശനമാക്കുമോ? | (ഡി) നിലവിലെ പരിശോധനാ സംവിധാനം കർശനമായി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ